# Malayala Manorama

## 17 August 2018

## Karumalur: Relief camps, Flood




വെള്ളം കയറിയ ദേശീയപാതയിലൂടെ രോഗിയുമായി പായുന്ന ആംബുലൻസ്. ആലുവ കമ്പനിപ്പടിയിൽ നിന്നുള്ള ദൃശ്യം.

# കരുമാലൂർ, ആലങ്ങാട്: ദുരിതാശ്വാസ ക്യാംപുകളിലും വെള്ളം

കരുമാലൂർ ● കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും കരുമാലൂർ, ആലങ്ങാട് പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങൾ വെള്ളത്തിൽ മുങ്ങി. പല പ്രദേശങ്ങളും സഹായവുമായി എത്തിപ്പെടാൻ കഴിയാത്ത വിധം ഒറ്റപ്പെട്ടു. ഇന്നലെ പുലർച്ചെമുതലാണ് ആലങ്ങാട്, കരുമാലൂർ, കടുങ്ങല്ലൂർ പ്രദേശങ്ങളിലെ വീടുകളിൽ വെള്ളം കയറിത്തുടങ്ങിയത്. നിമിഷങ്ങൾക്കകം വെള്ളം വീടിനകത്തേക്കു പ്രവേശിച്ചു. അതോടെ സ്ത്രീകളും കുട്ടികളുമടക്കമുള്ള ആളുകൾ പരിഭ്രാന്തരായി.

നാട്ടുകാരുടെയും സുരക്ഷാസേനയുടെയും നേതൃത്വത്തിൽ വൻ രക്ഷാപ്രവർത്തനമാണ് ഈ പ്രദേശങ്ങളിൽ നടത്തിയത്. എന്നാൽ ആവശ്യത്തിനു ബോട്ടുകളും വഞ്ചികളും ഇല്ലാതിരുന്നതിനാൽ പലയിടത്തും എത്തിച്ചേരാൻ കഴിഞ്ഞില്ല. ദുരിതാശ്വാസ ക്യാംപുകൾ പലതും നിറഞ്ഞുകവിഞ്ഞു. ക്യാംപുകൾ നിറഞ്ഞതോടെ കുറെ ആളുകൾ ബന്ധുവീടുകളിൽ അഭയം പ്രാപിച്ചു. വലിയ ലോറികളിൽ കയറ്റിയാണു പലയിടങ്ങളിൽനിന്നും ആളുകളെ ക്യാംപുകളിലെത്തിച്ചത്. ആലങ്ങാട് പഞ്ചായത്തിൽ ചില ക്യാംപുകളിൽ വെള്ളം കയറിയതോടെ ക്യാംപുകൾ മറ്റു സ്ഥലങ്ങളിലേക്കു മാറ്റി. വെള്ളക്കെട്ടു രൂക്ഷമായതോടെ ആലുവ - പറവൂർ റോഡ്, മാഞ്ഞാലി - അങ്കമാലി പ്രധാന പാതകൾ ഉൾപ്പെടെയുള്ളവ വെള്ളത്തിനടിയിലായി. ഇതുവഴിയുള്ള വാഹനഗതാഗതം പൂർണമായി തടസ്സപ്പെട്ടു.

കാർഷിക മേഖലയായ കരുമാലൂരിലെ ഭൂരിഭാഗം പ്രദേശങ്ങളിലെയും കൃഷിയിടങ്ങൾ വെള്ളത്തിനടിയിലായി. വൻതോതിൽ വെള്ളം കയറിയതോടെ എന്തു ചെയ്യണമെന്നറിയാതെ നിസ്സഹായാവസ്ഥയിലാണു കർഷകർ.